**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 265** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കുഞ്ഞികൃഷ്ണൻ
ശ്രീ. വിഷ്ണു മോഹൻ
ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടേയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. പൊതുധനവിനിയോഗത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ ദീർഘകാല നിലനിൽപ്പ്,സുരക്ഷ, ഉപയോഗക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര നിയന്ത്രണം അനിവാര്യമാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ സംസ്ഥാനത്ത് കണ്ണൂർ,തൃശ്ശൂർ, കൊല്ലം ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ ഉണ്ട് . നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം കൂടുതൽ ഫലപ്രദമായി വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ Quality Monitoring Wing രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, ഗുണനിലവാര നിരീക്ഷണം, നടപടിക്രമങ്ങളിലെ പോരായ്മകൾ കണ്ടെത്തൽ, തിരുത്തൽ നടപടികൾ എന്നിവയ്ക്കായി അധിക സംവിധാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് . ശുപാർശകൾ പരിശോധിക്കേണ്ടതുണ്ട്.

**(സി)** പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പരിശോധന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ സംസ്ഥാനത്ത് കണ്ണൂർ,തൃശ്ശൂർ, കൊല്ലം ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ ഉണ്ട് . നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം കൂടുതൽ ഫലപ്രദമായി വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ Quality Monitoring Wing രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രവൃത്തികളുടെ സാങ്കേതിക പരിശോധന, ഗുണനിലവാര നിരീക്ഷണം, നടപടിക്രമങ്ങളിലെ പോരായ്മകൾ കണ്ടെത്തൽ, തിരുത്തൽ നടപടികൾ എന്നിവയ്ക്കായി അധിക സംവിധാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട് . ശുപാർശകൾ പരിശോധിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**